REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-04-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- കേരളം നാളെ പോളിംഗ് ബൂത്തിലേക്ക്. ലോക്സഭാ തിരഞ്ഞെടുപ്പ് രണ്ടാംഘട്ടത്തിന്റെ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് സമാപിച്ചു. ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ ദിവസം.
- ലോക്സഭാ തിരഞ്ഞെടുപ്പിന് വോട്ടിങ് യന്ത്രങ്ങളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം രാവിലെ എട്ടിന് ജില്ലകളിൽ പ്രത്യേകം സജ്ജമാക്കിയ കേന്ദ്രങ്ങളിൽ ആരംഭിക്കും.
- നാളത്തെ വോട്ടെടുപ്പിൽ കേരളത്തിലെ സുരക്ഷാ ക്രമീകരണങ്ങൾക്കായി 66,303 സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- പാലക്കാട് ജില്ലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉഷ്ണതരംഗ മുന്നറിയിപ്പ് നൽകി.
- ഡൽഹിയിൽ IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നാല് റൺസിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

**ലോക്സഭാ തിരഞ്ഞെടുപ്പിൽ രണ്ടാംഘട്ടത്തിന്റെ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് സമാപിച്ചു. ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ ദിവസം.**

**കേരളത്തിലെ 20 ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളാണ് നാളെ ബൂത്തിലെത്തുന്നത്.**

കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ എട്ടു വീതവും, മധ്യപ്രദേശിലെ ഏഴും മണ്ഡലങ്ങൾ ഇതിലുൾപ്പെടുന്നു. അസം, ബിഹാർ സംസ്ഥാനങ്ങളിലെ അഞ്ചു വീതവും, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ മൂന്നു വീതവും, മണിപ്പൂർ, ജമ്മുകശ്മീർ എന്നിവിടങ്ങളിൽ ഓരോ മണ്ഡലവും നാളെ വിധിയെഴുതും.

✪✪✪

കേരളത്തിൽ ഒന്നര മാസത്തോളം നീണ്ട പ്രചാരണത്തിനൊടുവിലാണ് നാളെ വോട്ടെടുപ്പ്. 20 മണ്ഡലങ്ങളിലും LDF- UDF- NDA മുന്നണികൾ മത്സരരംഗത്തുണ്ട്. ഇതിനു പുറമെ കക്ഷിരഹിതരും മറ്റ് പാർട്ടികളുടെ സ്ഥാനാർത്ഥികളും ഉൾപ്പെടെ 194 പേർ ജനവിധി തേടുകയാണ്. രണ്ട് കോടി 77 ലക്ഷത്തിൽപ്പരം വോട്ടർമാർക്കായി 25,358 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചു.

പ്രധാനമന്ത്രിയും, BJP ദേശീയ അധ്യക്ഷനും, കേന്ദ്രമന്ത്രിമാരും, തമിഴ്നാട് BJP പ്രസിഡണ്ടും ഉൾപ്പെടെ പ്രമുഖർ NDA യ്ക്ക് വേണ്ടി പലവട്ടം സംസ്ഥാനത്തെത്തി. UDF നു വേണ്ടി കോൺഗ്രസ് അധ്യക്ഷനും, AICC ജനറൽ സെക്രട്ടറിമാരും, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും, നേതാക്കളും പ്രചാരണത്തിൽ പങ്കെടുത്തു. LDF നു വേണ്ടി CPIM ജനറൽ സെക്രട്ടറിയും, പൊളിറ്റ് ബ്യൂറോ അംഗങ്ങളും, CPI ദേശീയ ജനറൽ സെക്രട്ടറിയും അടക്കം പ്രചാരണം നടത്തി. ഇതിനുപുറമെ മൂന്ന് മുന്നണികളുടെയും സംസ്ഥാന നേതാക്കളും മുഖ്യമന്ത്രിയും, മന്ത്രിമാരും റാലകളിലും പ്രകടനങ്ങളിലും പങ്കുചേർന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന് വോട്ടിങ് യന്ത്രങ്ങളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം രാവിലെ എട്ടു മുതൽ ജില്ലകളിൽ പ്രത്യേകം സജ്ജമാക്കിയ കേന്ദ്രങ്ങളിൽ ആരംഭിക്കും. പോളിങ് സാമഗ്രികൾ കൈപ്പറ്റിയ ശേഷം ഉദ്യോഗസ്ഥരെ പ്രത്യേകം വാഹനങ്ങളിൽ പോളിങ് ബൂത്തുകളിൽ എത്തിക്കും. പോളിങ് ഉദ്യോഗസ്ഥരുടെ യാത്രാ വേളയിൽ പൊലീസും റൂട്ട് ഓഫീസറും അനുഗമിക്കും. വിതരണ കേന്ദ്രങ്ങളിൽ വിപുലമായ സുരക്ഷാ സന്നാഹം ഒരുക്കിയിട്ടുണ്ട്.

പോളിംഗ്സാധനസാമഗ്രികളുടെവിതരണ-സ്വീകരണകേന്ദ്രങ്ങൾക്ക് ഇന്ന് ജില്ലാ കലക്ടർമാർ അവധി പ്രഖ്യാപിച്ചു. പോളിംഗിന് ആവശ്യമായ

**ഒരുക്കങ്ങളെല്ലാം രാത്രിയോടെ പൂർത്തിയാകും. വോട്ടെടുപ്പ് ദിവസമായ നാളെ രാവിലെ ആറിന് മോക് പോൾ ആരംഭിക്കും. രാവിലെ ഏഴു മുതൽ വൈകിട്ട് ആറുവരെയാണ് വോട്ടെടുപ്പ്.**

✪✪✪

**പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ കളക്ടർമാർ നിരോധനാജ്ഞ പുറപ്പെടുവിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് നിരോധനാജ്ഞ. പരസ്യ പ്രചാരണം അവസാനിച്ച ഇന്നലെ വൈകിട്ട് ആറ് മുതൽ മറ്റന്നാൾ രാവിലെ ആറ് വരെയാണ് നിരോധനാജ്ഞ.**

**തിരഞ്ഞെടുപ്പ് സംബന്ധമായ നിയമവിരുദ്ധമായ സംഘം ചേരൽ, പൊതുയോഗങ്ങൾ സംഘടിപ്പിക്കൽ, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ തിരഞ്ഞെടുപ്പ് സംബന്ധിയായ കാര്യങ്ങളുടെ പ്രദർശനം, സംഗീതപരിപാടിയോ, വിനോദ പരിപാടിയോ സംഘടിപ്പിച്ച് നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണം എന്നിവ യ്ക്കെല്ലാം ഈ കാലയളവിൽ വിലക്കുണ്ട്. ജനങ്ങളുടെ സാധാരണ ജീവിതവുമായി ബന്ധപ്പെട്ട സന്ദർശനങ്ങൾക്കും യാത്രകൾക്കും നിരോധനാജ്ഞ ബാധകമല്ലെന്നും കളക്ടർമാർ ഉത്തരവിൽ പറയുന്നു.**

✪✪✪

**നാളത്തെ വോട്ടെടുപ്പിൽ കേരളത്തിലെ സുരക്ഷാ ക്രമീകരണങ്ങൾക്കായി 66,303 സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. കേരള പൊലീസും കേന്ദ്രസേനയുമാണ് തിരഞ്ഞെടുപ്പിന് സുരക്ഷയൊരുക്കുന്നത്. കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരമാണ് പൊലീസ് വിന്യാസം പൂർത്തിയാക്കിയത്. 41,976 കേരളപൊലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു. 183 DYSP മാരും, 100 ഇൻസ്പെക്ടർമാരും, 4,540 SI/ASI മാരും ഇവരിലുൾപ്പെടുന്നു.**

**24,000 ത്തോളം സിവിൽ പൊലീസ് ഉദ്യോഗസ്ഥരും, 8,800-ൽപ്പരം കേന്ദ്രസേനാംഗങ്ങളും, മൂവായിരത്തോളം ഹോം ഗാർഡുമാരും ക്രമ സമാധാന പാലനത്തിന് രംഗത്തുണ്ടായിരിക്കും. ഇതിനു പുറമെ 24,000 ത്തിലേറെ സ്പെഷ്യൽ പൊലീസ് ഓഫീസർമാരും ഡ്യൂട്ടിയ്ക്കുണ്ടാവും.**

മാവോയിസ്റ്റ് പ്രശ്നം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ കേന്ദ്രസേനയെ ഉൾപ്പെടുത്തിയാണ് പ്രത്യേക സുരക്ഷ ഒരുക്കിയിരിക്കുന്നത്. പ്രശ്നബാധിത ബൂത്തുകളിലും കേന്ദ്രസേനയെ നിയോഗിച്ചിട്ടുണ്ട്. പൊലീസ് വിന്യാസത്തിന്റെ സംസ്ഥാന തല നോഡൽ ഓഫീസർ ADGP, M.R അജിത്കുമാറാണ്- IG ഹർഷിത അട്ടലൂരി, അസിസ്റ്റന്റ് പൊലീസ് നോഡൽ ഓഫീസറും.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് പോളിങ് ബൂത്തിൽ എത്തുമ്പോൾ തിരിച്ചറിയിൽ രേഖയായി ഉപയോഗിക്കേണ്ടത് തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഫോട്ടോ തിരിച്ചറിയൽ കാർഡ് ആണ്. എന്നാൽ അത് കൈവശമില്ലാത്തവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ച ഫോട്ടോപതിച്ച മറ്റ് 12 അംഗീകൃത തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

ആധാർ കാർഡ്, ദേശീയ തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ്, ബാങ്ക്/പോസ്റ്റ് ഓഫീസ് നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്കുകൾ, തൊഴിൽ മന്ത്രാലയത്തിന്റെ ആരോഗ്യ ഇൻഷുറൻസ് സ്മാർട്ട് കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ദേശീയ ജനസംഖ്യാ രജിസ്റ്ററിന് കീഴിൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നൽകുന്ന സ്മാർട്ട് കാർഡ്, പാസ്പോർട്ട്, ഫോട്ടോ പതിച്ച പെൻഷൻ രേഖ, കേന്ദ്ര-സംസ്ഥാന, പൊതുമേഖലാ- പബ്ലിക്ക് ലിമിറ്റഡ് കമ്പനി ജീവനക്കാർക്ക് അവരുടെ ഫോട്ടോ പതിച്ച ഐഡികാർഡ്, MP മാർ, MLAമാർ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ എന്നിവർക്ക് ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ, ഭിന്നശേഷികാർക്ക് അവരുടെ ID കാർഡ് എന്നിവ തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം.

✪✪✪

ആദ്യമായി വോട്ടു ചെയ്യുന്നവരടക്കം എല്ലാ വോട്ടർമാരും സമ്മതിദാനം വിനിയോഗിച്ച് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാവണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അഭ്യർത്ഥിച്ചു. അഞ്ച് ലക്ഷത്തിലധികം കന്നി വോട്ടർമാരാണ് ഇക്കുറി പോളിങ് ബൂത്തിലെത്തുന്നത്. ആദ്യമായി വോട്ട് ചെയ്യുന്നവർക്ക് വോട്ടിങ് പ്രക്രിയയെക്കുറിച്ച് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാൻ ആവശ്യമായ സഹായനിർദ്ദേശങ്ങളും അദ്ദേഹം പങ്കുവെച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

**.....(വോയ്സ്).....**

**സമ്മതിദായകർ പോളിങ് ബൂത്തിലെ ക്യൂവിൽ നിന്ന് ഊഴമെത്തുമ്പോൾ, പോളിങ് ഓഫീസർ വോട്ടർ പട്ടികയിലെ പേരും വോട്ടർ കാണിക്കുന്ന തിരിച്ചറിയൽ രേഖയും പരിശോധിക്കും. ഫസ്റ്റ് പോളിങ് ഓഫീസർ വോട്ടറുടെ ഇടതുകൈയിലെ ചൂണ്ടുവിരലിൽ മഷി പുരട്ടുകയും സ്ലിപ് നൽകുകയും ഒപ്പ് വാങ്ങുകയും ചെയ്യും. തുടർന്ന് സെക്കന്റ് പോളിങ് ഓഫീസർ സ്ലിപ് സ്വീകരിക്കുകയും വോട്ടറുടെ വിരലിലെ മഷി അടയാളം പരിശോധിക്കുകയും ചെയ്യും.**

**വോട്ട് ചെയ്യുന്ന കമ്പാർട്ടുമെന്റിൽ എത്തുമ്പോൾ മൂന്നാം പോളിങ് ഓഫീസർ, ബാലറ്റ് യൂണിറ്റ് വോട്ടിങ്ങിന് സജ്ജമാക്കും. ബാലറ്റ് യൂണിറ്റിലെ റെഡി ലൈറ്റ് പ്രകാശിക്കുമ്പോൾ വോട്ടർ ഇഷ്ടപ്പെടുന്ന സ്ഥാനാർഥിയുടെ പേരിനും ചിഹ്നത്തിനും നേരെയുള്ള വോട്ടിംഗ് യന്ത്രത്തിലെ നീല ബട്ടൺ അമർത്തണം. അപ്പോൾ സ്ഥാനാർഥിയുടെ പേരിന് നേരേ ചുവന്ന ലൈറ്റ് പ്രകാശിക്കും. ഉടൻ തന്നെ തിരഞ്ഞെടുത്ത സ്ഥാനാർഥിയുടെ ക്രമനമ്പർ, പേര്, ചിഹ്നം എന്നിവ അടങ്ങിയ ബാലറ്റ് സ്ലിപ്പ് വിവിപാറ്റ് യന്ത്രം പ്രിന്റ് ചെയ്യുകയും ഏഴ് സെക്കൻഡ് പ്രദർശിപ്പിക്കുകയും ചെയ്യും. കൺട്രോൾ യൂണിറ്റിൽ നിന്ന് ബീപ് ശബ്ദം കേട്ടാൽ വോട്ട് രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്താം.**

**വിവിപാറ്റിൽ ബാലറ്റ് സ്ലിപ് കാണാതിരിക്കുകയോ ബീപ് ശബ്ദം കേൾക്കാതിരിക്കുകയോ ചെയ്താൽ പ്രിസൈഡിങ് ഓഫീസറെ വിവരം അറിയിക്കണം. വോട്ട് ചെയ്ത ശേഷം പ്രിന്റ് ചെയ്ത സ്ലിപ് VVPAT യന്ത്രത്തിൽ സുരക്ഷിതമായിരിക്കും.**

✪✪✪

**തിരഞ്ഞെടുപ്പ് ബോധവത്ക്കരണത്തിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസ് പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് പ്രശ്നോത്തരി മെഗാഫൈനലിൽ തിരുവനന്തപുരത്തെ അയ്യപ്പദാസും, ജിതിൻ K ജോണും ഉൾപ്പെട്ട ടീം ജേതാക്കളായി.**

**ശരത് V R, ഷിബു R ടീമിനാണ് രണ്ടാം സ്ഥാനം. ജേതാക്കൾക്ക് അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ഷർമ്മിള സമ്മാനങ്ങൾ വിതരണം ചെയ്തു. സംസ്ഥാനത്തെ ആറ് കോർപറേഷനുകളിലെ മത്സരം വിജയിച്ചെത്തിയ ആറ് ടീമുകളാണ് മെഗാഫൈനലിൽ പങ്കെടുത്തത്.**

✪✪✪

പാലക്കാട് ജില്ലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉഷ്ണതരംഗ മുന്നറിയിപ്പ് പുറപ്പെടുവിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ തീവ്ര ചൂട് രേഖപ്പെടുത്തിയതിന്റേയും അടുത്ത ദിവസങ്ങളിൽ 41 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്ന പ്രവചനത്തിന്റെയും അടിസ്ഥാനത്തിലാണ് ഉഷ്ണതരംഗ മുന്നറിയിപ്പ്.

ഈ ദിവസങ്ങളിൽ സൂര്യാഘാതവും സൂര്യാതപവും ഏൽക്കാൻ സാധ്യത കൂടുതലാണ്. പകൽ സമയത്ത് പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കണം. ശരീരത്തിൽ നേരിട്ട് വെയിലേൽക്കുന്ന എല്ലാതരം പുറം ജോലികളും, കായിക വിനോദങ്ങളും, മറ്റ് പ്രവർത്തനങ്ങളും പൂർണ്ണമായും നിർത്തി വെക്കണമെന്നും നിർദ്ദേശമുണ്ട്. പുറത്തിറങ്ങേണ്ട സാഹചര്യമുണ്ടായാൽ കുടയും പാദരക്ഷയും ഉപയോഗിക്കണം. നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കുകയും, മദ്യം, കാർബണേറ്റഡ് പാനീയങ്ങൾ, ചായ കാപ്പി എന്നിവ ഒഴിവാക്കുകയും വേണമെന്നാണ് നിർദ്ദേശം.

✪✪✪

ഇന്ന് ലോക മലമ്പനി ദിനം. മലേറിയ നിയന്ത്രിക്കാനും ആത്യന്തികമായി ഇല്ലാതാക്കാനും, ആഗോള അവബോധം വളർത്താനാണ് ഏപ്രിൽ 25 ലോക മലേറിയ ദിനമായി ആചരിക്കുന്നത്.

✪✪✪

ഡൽഹിയിൽ IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നാല് റൺസിന് പരാജയപ്പെടുത്തി. ഇന്ന് വൈകിട്ട് 7.30-ന് ഹൈദരാബാദിൽ സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ ആദ്യപാദ മത്സരത്തിൽ ഗോവയ്ക്കെതിരെ മുംബൈ സിറ്റിക്ക് ജയം. ഗോവയിൽ രണ്ടിനെതിരെ മൂന്നു ഗോളിനാണ് മുംബൈ വിജയിച്ചത്.

ഞായറാഴ്ച വൈകീട്ട് രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, മോഹൻ ബഗാൻ FC യെ നേരിടും.

✪✪✪

ദുബായിൽ ഏഷ്യൻ അണ്ടർ - 20 അത്‌ലറ്റിക് മീറ്റിന്റെ ആദ്യ ദിവസം ഇന്ത്യ ഒരു സ്വർണവും, മൂന്ന് വെള്ളിയും നേടി. കഴിഞ്ഞ വർഷം മീറ്റിൽ

19 മെഡലുമായി ഇന്ത്യ മൂന്നാം സ്ഥാനം നേടിയിരുന്നു. ലോക അണ്ടർ-20 അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ യോഗ്യതാ മത്സരം കൂടിയാണിത്.

✪✪✪

തെരഞ്ഞെടുപ്പ് ദിവസങ്ങളിലെ അധിക തിരക്ക് ഒഴിവാക്കാൻ, റെയിൽവേ മംഗളൂരു സെൻട്രലിനും കൊച്ചുവേളിക്കും ഇടയിൽ പ്രത്യേക സർവീസ് നടത്തും.

മംഗളൂരു സെൻട്രൽ - കൊച്ചുവേളി സ്പെഷൽ എക്സ്പ്രസ് ഇന്നും മറ്റന്നാളും, വൈകീട്ട് 7-ന് മംഗളൂരു സെൻട്രലിൽ നിന്ന് പുറപ്പെട്ട് അടുത്ത ദിവസം രാവിലെ 8-ന് കൊച്ചുവേളിയിലെത്തും.

കൊച്ചുവേളി - മംഗളൂരു സെൻട്രൽ സ്പെഷൽ എക്സ്പ്രസ് 26, 28 തീയതികളിൽ ഉച്ചയ്ക്ക് 2.30 ന് പുറപ്പെട്ട് അടുത്ത ദിവസം പുലർച്ചെ 3-ന് മംഗളൂരു സെൻട്രലിൽ എത്തിച്ചേരും.

✪✪✪

കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖോത്സവത്തിന്റെ നാളുകുറിക്കുന്ന പ്രക്കൂഴം ചടങ്ങുകൾ ഇന്ന് നടക്കും. ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ അവിൽ, നെയ്യ് എഴുന്നള്ളത്തുകൾ എത്തുന്നതോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്.

✪✪✪

മാതൃഭൂമി ബുക്ക്സ് പ്രൂഫ് റീഡറായിരുന്ന കോഴിക്കോട് കരുവിശ്ശേരി മീത്തൽ വീട്ടിൽ മഞ്ജുളമാല നിര്യാതയായി. 65 വയസ്സായിരുന്നു. ദീർഘകാലം ആകാശവാണിയിലെ താൽക്കാലിക അവതാരകയായിരുന്നു. സംസ്കാരം ഉച്ചയ്ക്ക് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ നടത്തും.

✪✪✪

പത്തനംതിട്ട കോന്നിയിൽ തിരഞ്ഞെടുപ്പു പ്രചാരണ സമാപനത്തിനുശേഷം മടങ്ങിയ CITU തൊഴിലാളി ജീപ്പിൽ നിന്നു വീണു മരിച്ചു. ഉാക്കൂർ പ്ലാവിള പുത്തൻവീട്ടിൽ റെജി ആണ് മരിച്ചത്.

✪✪✪

തലശ്ശേരി - മാഹി ദേശീയപാതയിലെ മാഹി പാലം അറ്റകുറ്റപ്പണികൾക്കായി ഈ മാസം 29 മുതൽ 12 ദിവസം അടച്ചിടും. ഗതാഗതം മോന്താൽ പാലം വഴി  തിരിച്ചു വിട്ടിട്ടുണ്ട്.

✪✪✪